**15 -ാം കേരള നിയമസഭ**

**4 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 2720** **17-03-2022 - ൽ മറുപടിയ്ക്ക്**

**കുന്ദമംഗലം സഹകരണ സംഘത്തിലെ ക്രമക്കേടുകൾ**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| **ശ്രീ. പി. ടി. എ. റഹീം** | | **null<br>(സഹകരണ- രജിസ്ട്രേഷൻ വകുപ്പ് മന്ത്രി)** | |
| (എ) | കുന്ദമംഗലം ആസ്ഥാനമായി പ്രവർത്തിക്കുന്ന സഹകരണ സംഘത്തിലെ നിക്ഷേപകരുടെ പണം തിരികെ ലഭിക്കാത്തത് സംബന്ധിച്ച പരാതിയിൽ പോലീസ് കേസ് എടുത്തിട്ടുണ്ടോ; വിശദമാക്കാമോ; | (എ) | കുന്ദമംഗലം ആസ്ഥാനമായി പ്രവർത്തിക്കുന്ന കുന്ദമംഗലം അർബൻ സഹകരണ സംഘത്തിലെ നിക്ഷേപകരുടെ പണം തിരികെ ലഭിക്കാത്തത് സംബന്ധിച്ച പരാതിയിൽ പോലീസ് കേസ് എടുത്തിട്ടുണ്ട്. ആയതിന്റെ ക്രൈംനമ്പറും സെക്ഷനും ചുവടെ പറയുന്നു. 1. 660/2019 U/s 120 B, 406, 409, 419, 420, 464, 471/r/w 34 IPC. 2. 335/2019 U/s 120 B, 406,408,409,420 r/w 34 IPC 3. 336/2019/U/s 120B, 406, 408,409,420 r/w 34 IPC 4. 1130/2020 U/s 420 r/w 34 IPC 5. 1131/2020 U/s 420 r/w 34 IPC 6. 1144/2020 U/s 420 r/w 34 IPC 7. 1148/2020 U/s 420 r/w 34 IPC 8. 46/21 U/s 420 r/w 34 IPC 9. 502/22 U/s 420 r/w 34 IPC |
| (ബി) | ഇതുവരെയായി നിക്ഷേപകർക്ക് പണം തിരികെ ലഭിച്ചിട്ടില്ലാത്ത സാഹചര്യത്തിൽ നിക്ഷേപത്തുക വകമാറ്റി ചിലവഴിച്ചത് സംബന്ധിച്ച കേസ് ക്രൈംബ്രാഞ്ചിനെ ഏൽപ്പിക്കാൻ തയ്യാറാകുമോ; വ്യക്തമാക്കാമോ? | (ബി) | കുന്ദമംഗലം അർബൻ സഹകരണ സംഘത്തിലെ നിക്ഷേപകരുടെ പണം തിരികെ ലഭിക്കാത്തത് സംബന്ധിച്ച പരാതിയിൽ പോലീസ് നടപടികൾ സ്വീകരിച്ചു വരുന്നു. |

സെക്ഷൻ ഓഫീസർ